**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1127** **07-12-2022 - ൽ മറുപടിയ്ക്ക്**

**തരൂർ മേപ്പാടം-മുതാരുകുളവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തരൂർ മണ്ഡലത്തിലെ മേപ്പാടം-മുതാരുകുളവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | തരൂർ മണ്ഡലത്തിൽ മുതാരുകുളമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് വേണ്ടി 226 ലക്ഷം രൂപയുടെ ഭരണാനുമതി 23/03/2022-ൽ നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ സാങ്കേതികാനുമതി നല്കുന്നതിന് വേണ്ടി സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടതുണ്ട്. ഇവയിൽ സിവിൽ, മെക്കാനിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറായിട്ടുള്ളതായി സൂപ്രണ്ടിംഗ് എഞ്ചിനീയർ റിപ്പോർട്ട്ചെയ്തിട്ടുണ്ട്. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ ഇലക്ട്രിക്കൽ വിഭാഗം ലഭ്യമാക്കുന്ന മുറയ്ക്ക് ടി പദ്ധതിയുടെ സാങ്കേതികാനുമതി നല്കി പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി ബന്ധപ്പെട്ട വകുപ്പ് മേധാവിയുടെ കാര്യാലയത്തിൽ എത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകേണ്ടത്, സൂപ്രണ്ടിംഗ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ, എറണാകുളം ആണ്. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് വകുപ്പ് മേധാവിയുടെ കാര്യാലയത്തിൽ ലഭ്യമാക്കേണ്ട ആവശ്യകത ഇല്ല. |
| (സി) | മേൽ പദ്ധതിയുടെ ടെണ്ടർ നടപടികൾ എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | സാങ്കേതികാനുമതിക്കായി ടി പദ്ധതിയുടെ എസ്റ്റിമേറ്റ് സൂപ്രണ്ടിംഗ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ, എറണാകുളത്തിന്റെ കാര്യാലയത്തിൽ സമർപ്പിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകാവുന്നതും ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ